**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 311** **17-03-2025 - ൽ മറുപടിയ്ക്ക്**

**കെ-സ്റ്റോർ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം നൗഷാദ്,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. എ. രാജ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പൊതുവിതരണരംഗത്ത് ദിശാബോധം നൽകുന്നതിനും ആധുനിക സാങ്കേതികവിദ്യയുടെ സന്നിവേശത്തിനുമായി കെ-സ്റ്റോർ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | **ഉണ്ട്.** സംസ്ഥാനത്തെ 14 ജില്ലകളെയും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് മേഖലകളായി തിരിച്ച് അവലോകന യോഗങ്ങൾ നടത്താറുണ്ട്. പ്രസ്തുത യോഗങ്ങളിൽ കെ-സ്റ്റോറിലെ സേവന ദാതാക്കളായ മിൽമ, ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ, CSC(Common Service Centre), MSME(Micro Small and Medium Enterprises) എന്നിവയുടെ പ്രതിനിധികളെയും, കെ-സ്റ്റോർ ലൈസൻസികളെയും പങ്കെടുപ്പിക്കുകയും ലൈസൻസികൾക്ക് പരിശീലനം നൽകുകയും വിൽപ്പന അവലോകനം നടത്തുകയും ചെയ്തു വരുന്നു. |
| (ബി) | റേഷൻകടകളുടെ പശ്ചാത്തലസൗകര്യം വിപുലപ്പെടുത്തി 'മിനി ബാങ്കിംഗ്' സംവിധാനം ഒരുക്കുന്നതിനും ചോട്ടു ഗ്യാസ്, പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉത്പന്നങ്ങൾ എന്നിവയുടെ വിൽപ്പനയും ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | CSC (Common Service Centre) ഐ ഡി ഉള്ളതും, AEPS (Aadhar Enabled Payment System) സൗകര്യം ഉള്ളതുമായ കെ-സ്റ്റോറുകളിൽ 'മിനി ബാങ്കിങ്' സംവിധാനം ലഭ്യമാണ്. താല്പര്യമുള്ള ഉപഭോക്താക്കൾക്ക് ടി സംവിധാനത്തിലൂടെ 10,000/- രൂപ വരെ പിൻവലിക്കുന്നതിനും നിക്ഷേപിക്കുന്നതിനും കഴിയും.<br><br>പൊതുമേഖലാ സ്ഥാപനമായ മിൽമയുടെ ഉത്പന്നങ്ങൾ, ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ ചോട്ടു ഗ്യാസ്, വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള MSME ഉത്പന്നങ്ങൾ, സപ്ലൈക്കോയുടെ ശബരി ഉത്പന്നങ്ങൾ എന്നിവയുടെ വിൽപ്പനയും, CSC സേവനങ്ങളും കെ-സ്റ്റോറുകൾ മുഖേന നടത്തിവരുന്നു. |
| (സി) | സംസ്ഥാനത്ത് നാളിതുവരെ കെ-സ്റ്റോറുകളിൽ അധിക സേവനങ്ങളിലൂടെ നടത്തിയ വ്യാപാരം സംബന്ധിച്ച് വ്യക്തമാക്കാമോ; | (സി) | 2025 ഫെബ്രുവരി 28 വരെ 1,24,39,715/- രൂപയുടെ ശബരി ഉത്പന്നങ്ങൾ, 1,58,29,243/- രൂപയുടെ മിൽമ ഉത്പന്നങ്ങൾ, 4,86,45,398/- രൂപയുടെ CSC സേവനങ്ങൾ, 10,49,40,839/- രൂപയുടെ MSME |

| | | | |
|---|---|---|---|
| | | | ഉത്പന്നങ്ങൾ, 1,43,89,456/- രൂപയുടെ ചോട്ടു ഗ്യാസ് എന്നിങ്ങനെ **ആകെ 19,62,44,651/- (പത്തൊൻപത് കോടി അറുപത്തി രണ്ട് ലക്ഷത്തി നാല്പത്തിനാലായിരത്തി അറുന്നൂറ്റി അൻപത്തൊന്ന് രൂപ മാത്രം)** രൂപയുടെ വ്യാപാരം കെ-സ്റ്റോറുകൾ മുഖേന നടന്നിട്ടുണ്ട്. |
| (ഡി) | നിലവിലുള്ള റേഷൻ കടകളെ കെ-സ്റ്റോറായി പരിവർത്തനം ചെയ്യുന്നതിനായി എന്തെല്ലാം പശ്ചാത്തലസൗകര്യങ്ങളാണ് അധികമായി വേണ്ടിവരുന്നതെന്നും, റേഷൻ ഷോപ്പ് ഉടമകൾക്ക് ഇതിലൂടെ എന്തെല്ലാം നേട്ടങ്ങളാണ് ലഭ്യമാക്കാൻ കഴിയുന്നതെന്നും വെളിപ്പെടുത്തുമോ? | (ഡി) | 26.04.2023 ലെ സ.ഉ. (സാധാ)നം.167/2023/ ഭ.പൊ.വി.വ, 13.12.2024 ലെ സ.ഉ. (സാധാ)നം.398/2024/ഭ.പൊ.വി.വ ഉത്തരവുകൾ പ്രകാരം നിലവിലുള്ള റേഷൻ കടകളെ കെ-സ്റ്റോറായി പരിവർത്തനം ചെയ്യുന്നതിന് ചുവടെ പറയുന്ന മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.<br><br>(a) 300 sq ft. ൽ കുറയാത്ത വിസ്തൃതിയുള്ള റേഷൻ കടയായിരിക്കണം<br><br>(b) 'കെ-സ്റ്റോറുകളാക്കി മാറ്റാൻ സ്വമേധയാ തയ്യാറായി മുന്നോട്ട് വരുന്ന ലൈസൻസികൾ ആയിരിക്കണം.<br><br>കെ-സ്റ്റോറുകൾ മുഖേന വില്പന നടത്തുന്ന ശബരി ഉത്പന്നങ്ങൾ, മിൽമ ഉത്പന്നങ്ങൾ, CSC സേവനങ്ങൾ, MSME ഉത്പന്നങ്ങൾ, ചോട്ടു ഗ്യാസ്, എന്നിവയ്ക്ക് ഒരു നിശ്ചിത ശതമാനം തുക മാർജിൻ ആയി നിശ്ചയിച്ചിട്ടുണ്ട്. ടി തുക ലൈസൻസികൾക്ക് വരുമാനമായി ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ